LK/2018/46038

## ലിറ്റിൽ ഫ്ളവർ ഹൈസ്കൂൾ കാവാലം

# ജ്വാല



## ലിറ്റിൽ കൈറ്റ്സ് ഡിജിറ്റൽ മാഗസിൻ

## 2022 – 2025



# ഉള്ളടക്കം


| ക്രമ നമ്പർ | പേര് | പേജ് നമ്പർ |
| --- | --- | --- |
| 1 | **അമ്മ** | 3 |
| 2 | അവധിക്കാലം | 4 |
| 3 | ഒരു കവിത | 5 |
| 4 | കേരളം | 6 |
| 5 | ഇടുക്കിയുടെ താഴ്‌വാരങ്ങളിൽ | 7 |
| 6 | കുസൃതി ചോദ്യം | 9 |
| 7 | സ്നേഹം | 10 |
| 8 | നിഴൽ | 11 |
| 9 | പഴഞ്ചൊല്ലുകൾ | 12 |
| 10 | **പഴയ ബാല്യം** | 13 |
| 11 | പി. കുഞ്ഞുരാമൻ നായർ | 14 |
| 12 | പുഴ | 15 |
| 13 | പൂമ്പാറ്റ | 16 |
| 14 | പൂമ്പൊടികൾ | 17 |
| 15 | പ്രകൃതി | 19 |
| 16 | പ്രതീക്ഷ | 20 |
| 17 | മയിൽ | 21 |
| 18 | **വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം** | 22 |
| 19 | വാടിയ മലരുകൾ | 23 |
| 20 | വായനയുടെ പ്രാധാന്യം | 24 |




# അമ്മ

മധുരം മനോഹരം പുണ്യം
അമ്മയെന്നുള്ളൊരു രണ്ടക്ഷരം
ജീവിതയാത്രയിൽ പുഞ്ചിരിളുക്കുന്ന
പത്തുമാസം ചുമന്നിട്ടുന്ന വേദന
ഹൃദയത്തിൽ ഒളിപ്പിക്കും അമ്മ
വേനലും വർഷവും
കാറ്റേറ്റ് ചാഞ്ചാട്ടും വർഷങ്ങളിൽ
ജീവിതവൃന്ദാവനികളിൽ അമ്മ
നല്ല ഭക്ഷണങ്ങൾ ഉണ്ടാക്കി തേൻ പുരളിട്ടുന്ന
ആനന്ദ സാമ്രാജ്യം അമ്മ
അമ്മ തന്നെ സ്നേഹം
ദൈവത്തിനെന്തെല്ലാം നന്മകളുണ്ടോ
അതെല്ലാം ഈ ഭൂമിയിൽ
അമ്മയിൽ മാത്രം
അമ്മയാണ് സത്യം.
മധുരം മനോഹരം പുണ്യം
അമ്മയെന്നുള്ളൊരു രണ്ടക്ഷരം
ജീവിതയാത്രയിൽ പുഞ്ചിരിളുക്കുന്ന
പത്തുമാസം ചുമന്നിട്ടുന്ന വേദന
ഹൃദയത്തിൽ ഒളിപ്പിക്കും അമ്മ
വേനലും വർഷവും
കാറ്റേറ്റ് ചാഞ്ചാട്ടും വർഷങ്ങളിൽ
ജീവിതവൃന്ദാവനികളിൽ അമ്മ
നല്ല ഭക്ഷണങ്ങൾ ഉണ്ടാക്കി തേൻ പുരളിട്ടുന്ന
അനന്ദ സാമ്രാജ്യം അമ്മ
അമ്മ തന്നെ സ്നേഹം
ദൈവത്തിനെന്തെല്ലാം നന്മകളുണ്ടോ
അതെല്ലാം ഈ ഭൂമിയിൽ
അമ്മയിൽ മാത്രം
അമ്മയാണ് സത്യം.

**അൻസാമോൾ**

ക്ലാസ്സ് :9

# അവധിക്കാലം

അവധിക്കാല ദിവസങ്ങളിലൂടെ ചുട്ടുപൊള്ളുന്ന വെയിൽ ദിനത്തിലായിരുന്ന ഇത്തവണത്തെ എന്റെ സ്കൂൾ വേനലവധിക്കാലം ആരംഭിക്കുന്നത്. സ്കൂൾളില്ലാത്തതിനാൽ പതിവിലും വൈകിയാണ് രാവിലെ എഴുന്നേൽക്കറ് വേനൽ ചൂടിൽ അച്ഛൻ വാങ്ങിത്തരാറുള്ള ഐസ് ക്രീം അമ്മ ഉണ്ടാക്കിത്തരാറുള്ള ജ്യൂസും എനിക്ക് ഓത്തിരി ഇഷ്ട്മായിരുന്ന അവധി ദിവസം കൂട്ടുകാരിയുടെ കൂടെ വൈകുന്നേരം വരെ കളിച്ചും ചിരിച്ചും എന്റെ അവധിക്കാലം ആഘോഷമാക്കി.അവധിക്കാലത്തിന് കണിക്കൊന്ന പൂവിന്റെ നിറമേകാനായി വിഷു ഞങ്ങൾ ബന്ധുമിത്രാദികളോടൊപ്പം ഗംഭീരമായിതന്നെ ഘോഷിച്ചു. കുറച്ച് ദിവസം ഞാൻ എന്റെ ചേച്ചിയുടെ വീട്ടിൽ നിൽക്കാൻ പോയി. ചേച്ചിയും ചേട്ടനും ഒക്കെയായിട്ട് ഞങ്ങൾ ബീച്ചിലും പാർക്കിലും കറങ്ങാൻ പോയി. എന്റെ അവധിക്കാലം അടിച്ചു പൊളിച്ചു

ആഗ്നസ് സേവ്യർ

ക്ലാസ്സ് : 7

# ഒരു കവിത കൂടി .....

ഒരു കവിത കൂടി ഞാൻ എഴുതിവെയ്ക്കാം
എന്റെ കനവിനൽ നീ എത്തുമ്പോൾ ഓമനിയ്ക്കാൻ
ഒരു മധുരമായെന്നും ഓർമ്മ വെയ്ക്കാൻ
ചാരുഹൃദയാഭിലാഷമയ് കരുതി വെയ്ക്കാൻ!
കനലായി നീ നിനെരിഞ്ഞൊരാരാ നാളിലെൻ
അറകൾ നാലറകൾ നിനക്കായ് തുറന്നു
നറു പാൽക്കുടം ചുമന്നെത്രയോ മേഘങ്ങൾ
മനമാറുവോളം നിറമരി പെയ്തു
കറുകത്തടത്തിലെ മഞ്ഞിൽ കണം തൊട്ട്
കണ്ണെഴുതുമാ വയൽ കിളികൾ
ഓളം വക്കത്തെത്തുമോടി വള്ളത്തിനെ
കാറ്റൂമ്മ വെച്ചൊന്നു പാടി
ഒരു വിളിപ്പാടകയലെ നിൽക്കും ത്രിസന്ധ്യകൾ
അവിടെ കുട നിവർത്തുമ്പോൾ
ഒടുവിലെൻ രാഗത്തിൽ നീയലിഞ്ഞു
ഞാനൊരു ഗാനമായ് പൂപൊലിച്ചു
ഒരു കവിത കൂടി ഞാൻ എഴുതിവെയ്ക്കാം
എന്റെ കനവിൽ നീ എത്തുമ്പോൾ ഓമനിയ്ക്കാൻ
ഒരു മധുരമെന്നും ഓർമ്മ വെയ്ക്കാൻ
ചാരുഹൃദയാഭിലാഷമായ് കരുതി വെയ്ക്കാൻ
നാട്ടുവെളിച്ചം വഴിവെട്ടിയിട്ടൊരീ
ഉഷാമലരി പൂക്കുന്ന തൊടിയിൽ
മൺതരികളറിയാതെ നാം നടന്നു
രാവിൻ നീലവിരി നമ്മെ പൊതിഞ്ഞു
ഹൃദയമാവകാശ ചരിവിലാ താരകം
കൺചിമ്മി നമ്മെ നോക്കുമ്പോൾ
ഒരു മാത്ര കൂടി നീ ഇവിടെ നിന്നാൽ
ഞാൻ ജനിമൃതികളറിയാതെ പോകും .......

**ദിവ്യാ പി എം**
**ക്ലാസ്സ് : 9**

# കേരളം

കേരനിറഞ്ഞോരുനാട്ടുണ്ടേ കേരളമെന്നോരു നടാണേ

കളകളമൊഴുകും പുഴയുണ്ടേ നിരന്ന് നിൽക്കു പർവതമുണ്ടേ കാട്ടുകൾ

തോട്ടുകൾ പാടങ്ങൾ എല്ലാം നിറഞ്ഞോരുനാടോണ

എന്റെ സ്വന്തം കേരളം

എന്റെ കൊച്ചു കേരളം

നിരഞ്ചന ബി കൃഷ്ണ

**ക്ലാസ്സ് : 6**

# ഇടുക്കിയുടെ താഴ്‌വാരങ്ങളിൽ

പ്രണയമാണ് യാത്രയോട് എന്നുറക്കെ വിളിച്ചു പറഞ്ഞുകൊണ്ട് ബാഗും തൂക്കി വീട്ടിൽനിന്നിറങ്ങി കൂട്ടുകാരുമൊപ്പമുള്ള ആനന്ദത്തിന് വേണ്ടി.ഇടുക്കി എന്ന് പറഞ്ഞപ്പോൾ വീട്ടുക്കാർ കലിപ്പിലായി. എന്നാൽ പിന്നെ പോയിട്ടെ കാര്യമുള്ളൂ എന്നു ഞാനും.യാത്ര മനോഹരമായ അനുഭൂതിയും അനുഭവവും ലഹരിയുമൊക്കെയാണ്.ഇത്തവണ ഈ യാത്ര ചെന്ന് നിൽക്കുന്നത് ഇടുക്കി എന്ന സുന്ദരിയുടെ ചങ്കിലേക്ക് ആണ്...മഹേഷിന്റെ പ്രേതിക്കാരം കണ്ടത് മുതൽ ഇടുക്കി എന്നെ മോഹിപ്പിക്കാൻ തുടങ്ങി. ഈ യാത്രയിലെപ്രണയം...എന്നെ കൂടുതൽസന്തോഷിപ്പിച്ചും. തേക്കടിയുടെമണ്ണിലേക്ക് മനോഹരമായ ദൃശ്യംചാരുത ആസ്വദിച്ചു തുടങ്ങി ഈ യാത്രയിലെ പ്രണയം. തേക്കടിയോട് വിട പറഞ്ഞു പരുന്തുംപറയിൽഎത്തിനിൽക്കുമ്പോൾ കൂവി വിളിക്കാം എന്ന് തോന്നി .പൂമരങ്ങൾ ആണ് ചുറ്റും .പരുന്തുംപാറ അത്രക്ക് മോഹിപ്പിച്ചു എന്നെ . ദൂരെ ഒഴുകുന്ന നന്ദി .ആ കാഴ്ചകൾ മനസ്സിൽ നിന്നും മറയുന്നില്ല . പിറ്റേന്ന് പ്രഭാതം എന്നെ ആലിംഗനം ചെയ്തത് രാമയക്കൽ അനുഭവഭേദ്യമായ രാമക്കൽ മേട്......

കുറവനും കുറത്തിയെയും മഞ്ഞുമൂടിയിരുന്നു. എങ്കിലും ആ തണുപ്പ് നിറഞ്ഞ പ്രഭാതത്തിൽ ഉദയ സൂര്യനെ കാണാൻ കഴിയുക എന്നതിൽ ഉപരി ഒരു കാഴ്ചയും എൻെറ കണ്ണിനെ ത്രസിപ്പിച്ചിട്ടില്ല . ആ കാഴ്ചയിൽ ഉറപ്പിച്ചു . തിരികെ വരണം വീണ്ടും വീണ്ടും രാമക്കല് മേടിൻെറ മണ്ണിലേക്ക് ആവോളം കുറവനെയും കുറത്തിയെയും കണ്ടു ആസ്വദിക്കണം.വാഗമൺ കണ്ടു ആസ്വദിക്കണം പിന്നെ നേരെ മൂന്നാർ .മൂന്നാർ കൈയേറ്റങ്ങളുടെ മൂന്നാർ ശ്രീറാം വെങ്കിട്ടരാമൻെറ മൂന്നാർ .തേയില തോട്ടങ്ങൾ തന്നെ മനോഹരമാക്കി . കൂട്ടിനു മഴയും മഞ്ഞും .മാട്ടുപ്പെട്ടി ഡാമിൻെറ അടുക്കൽ ഡാമിൽ നിന്നും അസ്തമയ സൂര്യനെ ആസ്വദിച്ചു നേരെ എക്കോപോയിൻെറിൽ . കൂകി വിളവച്ചു ഞാനും പറഞ്ഞു പ്രണയമാണ് യാത്രയോട് അടങ്ങാത്ത അതിരില്ലാത്ത ആവേശം കെടുത്താതെ പ്രണയം . ഇനിയും തേടി വരും ഇടുക്കി നിന്നെ .പ്രണയിച്ചു മതി വന്നിട്ടില്ല ഇനിയുമേറെ നിന്നെ പ്രണയിക്കണമെനിക്ക്. ഇടുക്കി ഒരു ചെറിയ സ്ഥലം പോലും കണ്ണിനു

എന്തെനില്ലാത്ത കുളിർമ  നൽകുന്നുണ്ട് .തേയില തോട്ടങ്ങളും ഏലവും ഒക്കെയായി ദൃശ്യചാരുത എങ്ങും പച്ച പട്ടുടുത്ത ഭൂമി .യാത്രയോടുള്ള പ്രണയം .എന്ന മോഹം തീക്ഷണമാകുന്നു . വരും യാത്രയെ നിൻെറ ചങ്കിൽ ഞാൻ ഒരു സ്ഥലം പിടിക്കും........

രഗേണ്ടു . എസ്

**ക്ലാസ്സ് : 9**

# കുസൃതി ചോദ്യം

1. നിക്ഷേപിക്കാൻ പറ്റാത്ത പണം?

   ക്ഷമാപണം

2. വെട്ടിയാൽ നീളം കൂടുന്നത് എന്താണ്?

   വഴി

3. ലോകത്തിൽ ഏറ്റവും കൂടുതൽ ചക്ക ഉണ്ടാകുന്നത് എവിടെയാണ്?

   പ്ലാവിൽ

4. ഉറക്കത്തിലും ഉണരുമ്പോഴും കൂടെ വരുന്നതാരാണ്?

   'ഉ' എന്ന അക്ഷരം

5. ആരും ഇഷ്ടപ്പെടാത്ത കൃതി?

   വികൃതി

6. അഴുക്കിൽ കിടന്നാലും അഴുക്ക് പറ്റാത്ത സാധനം?

   നിഴൽ

7. ഓഫീസുകൾക്കും മരത്തിനും ഒരുപോലെ ഉള്ളത്?

   ബ്രാഞ്ച്

8. മരണം വരെ സുന്ദരനായിരിക്കാൻ എന്ത് ചെയ്യണം?

   സുന്ദരൻ എന്ന് പേരിട്ടാൽ മതി

9. ആകാശത്തിന്റെ അവസാനം എവിടെയാണ്?

   'ശം' എന്ന അക്ഷരംത്തിൽ

10. തലയുണ്ട് തലയിൽ മുടിയുണ്ട് വാലുണ്ട് പേരിൽ പല്ലുണ്ട് പക്ഷേ ജീവനില്ല,ആരാണ് ഞാൻ?

    ടൂത്ത് ബ്രഷ്

ആതൃമോൾ

ക്ലാസ്സ് :9

# സ്നേഹം

സ്നേഹം കൊണ്ടു മാത്രമേ ജീവിതം മുന്നോട്ട് നീങ്ങുന്നുള്ളൂ. സ്നേഹം വിവരിക്കാൻ കഴിയാത്ത ഒരു വികാരമാണ്. പണവും പദവിയും ഉള്ളപ്പോൾ മാത്രം സ്നേഹിക്കുന്നവർക്ക് യഥാർത്ഥ സ്നേഹം തിരിച്ചറിയാൻ സാധിക്കുന്നില്ല. യഥാർത്ഥ സ്നേഹം തന്റെ ഏത് ദാരിദ്ര്യാവസ്ഥയിലും കൂടെ നിൽക്കുന്നതിലാണ്. ജീവിതം ആകുന്ന പൂന്തോട്ടത്തിലെ മനോഹരമാകുന്ന പൂവാണ് സ്നേഹം. ജീവിതം ഒരു ചെറിയ യാത്രയാണ് അത് പരസ്പരം സ്നേഹിക്കാനും മനസ്സിലാക്കാനും ഉള്ളതാണ് ജീവിതം. യാചിച്ചു കിട്ടുന്ന വരമാകണം. സ്നേഹം കാത്തിരുന്നു കിട്ടുന്ന വരമാകണം സ്നേഹം ആരിൽ നിന്നും പിടിച്ചു വാങ്ങാരുത്. അങ്ങനെ കിട്ടുന്ന സ്നേഹത്തിന് അൽപ്പായുസേ ഉണ്ടാകൂ.

അൽഫോൻസ

**ക്ലാസ് : 9**

# നിഴൽ

കുറച്ച് കാലങ്ങൾക്ക് മുമ്പ് സാമ്പിയ എന്ന സ്ഥലത്ത് ഈവാ എന്ന ഒരുകുട്ടി താമസിച്ചിരുന്നു. അവർക്ക് എല്ലാ സുഖസൗകര്യങ്ങളും ഉണ്ടായിരുന്നു. പക്ഷേ അവൾക്ക് വലതുകാൽ ഇല്ലായിരുന്ന .ഈ ഒരു കാര്യം അവളെ ഏറെ സങ്കടപെടുത്തി അവളുടെ ഏഴാം വയസ്സിൽ സ്കൂളിൽ പോയി തുടങ്ങിയതിനെ തുടർന്നാണ് അവൾ കുടുതൽ സങ്കടത്തിൽ തഴ്ന്നു പോയത്. അവളുടെ കുട്ടുകാർ അവളെ ഏറെ ശ്രുദ്ധക്കുകയും കൊണ്ട് നടുക്കുകയും ചെയ്യുിരുന്നു. അങ്ങനെ ഇരിക്കെ ഒരു ദിവസം അവരുടെ സ്കൂളിൽ നിന്ന് ഒരു യത്രു പോയി ഈവായുടെ അമ്മയും അവളുടെ കുടെ ഉണ്ടായിരുന്നു. പോകുന്ന വഴി അവൾ പലവിധ കാര്യങ്ങളെ കുറിച്ച് അകുല പെട്ടുകൊണ്ടിരുന്ന അവൾ അമ്മയോട് പറഞ്ഞു . അമ്മ നമ്മൾ എങ്ങോട്ടാ പോകുന്നേ? എതേങ്കിലും കളിസ്ഥലത്തോട്ടാണോ എവിടെ ചെന്നാലും എനിക്ക് ഒരുപോലാ അവര് കളിക്കുമ്പോൾ ഞാൻ നോക്കി ഇരിക്കണം എന്നാൽ ഇതെല്ലാം കണ്ട് അമ്മ മിണ്ടാതിരുന്ന കുറച്ച് സമയം കഴിഞ്ഞാപ്പോള് അവെളാട് അമ്മ പറഞ്ഞു ഇവെരാക്ക മൊളെ പൊലുള്ള കുട്ടികളാണ് ഇവരുടെ മാതാപിതാക്കൾ ഇവരെ ഇവിടെ ഉപേക്ഷിച്ചിട്ട് പോയി . എന്നിട്ടും അവരുടെ മുഖത്തെ സന്തോഷം നീ നോക്കു . മോളെ നമുക്ക് എന്തില്ല എന്നല്ല എന്തു ഉണ്ട് എന്ന് വേണം നോക്കാൻ ഒന്നുമില്ലാത്ത ഈ കുട്ടികൾ എന്തു സന്തോഷവാമ്മരാണ് ദൈവം എല്ലാ സുഖസൗകര്യങ്ങളും നൽകി എന്നിട്ടും നീ ഇല്ലാത്തതിനെ നോക്കി വിഷമിച്ച് കൊട്ടിരിക്കുന്നു.അപ്പോഴാണ് ഈവാ അവളുടെ തെറ്റ് മനസ്സിലാക്കിയത്.അവൾ അവളുടെ ചുറ്റുമുള്ള സന്തോഷം തിരിച്ചറിഞ്ഞു

ഗുണപാഠം

ഇരുട്ടിലേക്ക് നോക്കിയാൽ ഇരുട്ട് മാത്രമെ കാണാനാവു .അതിൽ കണ്ണടച്ച് വെളിച്ചത്തിലേക്ക് തിരിയുന്നവരാണ് ജിവിതത്തിൽ വിജയം കണ്ടെത്തുക.

അലന
ക്ലാസ്സ് :9

# പഴഞ്ചൊല്ലുകൾ

. ഐക്യമത്യം മഹാബലം.

.ഒരുമയുണ്ടെങ്കിൽ  ഉലക്കമേലും കിടക്കാം.

. പണം നോക്കി പണ്ടം കൊള്ളുക ഗുണം നോക്കി പെണ്ണും കൊള്ളുക.

.പണം പന്തലിൽ കലം കപ്പലിൽ.

.ഇല്ലായിമ വന്നാലും വല്ലായിമ അരുത്.

.ഓണം വന്നാലും ഉണ്ണി പിറന്നാലും കോരന് കുമ്പിളിൽ കഞ്ഞി.

.ആയിരം തെങ്ങുള്ള നായർക്ക് പല്ല്കുത്താൻ ഇർക്കിലില്ല.

.ഇണങ്ങിയാൽ നക്കികൊല്ലും പിണങ്ങിയാൽ കുത്തിക്കൊല്ലും.

.തന്നിഷ്ടം പൊന്നിഷ്ടം,ആരാന്റെയിഷ്ടം വിമ്മിഷ്ടം.

.തലയ്ക്കുമീതെ വെള്ളം വന്നാൽ അതുക്കുമീതെ വള്ളം.

.പത്തായം പെറും ചക്കികുത്തും അമ്മ വയ്ക്കും ഉണ്ണി വയ്ക്കും ഉണ്ണി ഉണ്ണും.

.പഥ്യക്കാരന് വൈദ്യൻ വേണ്ട.

.പാപി ചെല്ലുന്നിടം പാതാളം.

ഗൗരി രജേഷ്

ക്ലാസ്സ് 9

# പഴയ ബാല്യം

**റാകിപ്പറക്കുന്ന ചെമ്പരുന്തേ**
**നീയുണ്ടോ മാമങ്കവേല കണ്ടു**
**വേലയും കണ്ടു വിളക്കും കണ്ടു**
**കടലിൽത്തിര കണ്ടു കപ്പൽ കണ്ടു**

**ഓർക്കുന്നു ഞാനെന്റെ ബാല്യകാലത്തിന്റെ**
**നോവുന്നോരോർമകളിന്നു രാവിൽ**

**നാലു പതിറ്റാണ്ടിലേറെയായ് സുസ്മിതം**
**വാഴുന്നിതെന്നിലെൻ ബാല്യം**
**നാളുകളൊന്നോന്നായി ചോർന്നുപോകുമ്പോഴും**
**ചോരാതെ എന്നുമെൻ ബാല്യം**
**ആദ്യ പാഠങ്ങൾ പഠിപ്പിച്ചോരച്ഛന്റെ**
**വാത്സല്യവും ശകാരവും**
**ബാല്യത്തിന്റെ സുന്ദര ലോകം**
**വീണുകിട്ടട്ടെ തിരിച്ചു വരട്ടെ നാം**
**മോരോരുത്തർക്കുമാ ലോകം...**
**ഓരോരുത്തർക്കുമാ ലോകം...**

ശ്രീലക്ഷ്മി എ.ആർ

**ക്ലാസ്സ് : 9**

# പി. കുഞ്ഞുരാമൻനായർ

കവിതയും ഗദ്യവുമുൾപ്പെടെ എൺപതിലേറേ കൃതികൾ മലയാളത്തിനു സമ്മാനിച്ച കവി.കാഞ്ഞങ്ങാടിനടുത്തുള്ള വെള്ളിക്കോത്തുഗ്രാമത്തിൽ 1906-ൽ ജനിച്ചു. കാഞ്ഞങ്ങാട് സംസ്കൃതസ്കൂളിൽ അധ്യാപകനായി സേവനമനുഷ്ഠിച്ചു .പതിനാലാം വയസ്സിൽ രചിച്ച 'പ്രകൃതിഗീത' മാ ണ് ആദ്യകവിത .അന്തിത്തിരി, കളിയച്ഛൻ, താമരത്തേൻ, താമരത്തോണിപാതിരാപ്പൂവ് , പൂക്കളം ,മണിവീണ,മൺകുടത്തിന്റെ വില ,മലനാട്, രഥോത്സവം, വയൽക്കരയിൽ, വസന്തോത്സവം ,സൗന്ദര്യദേവത ,വിചാരവിഹാരം, എന്നിവ മറ്റു പ്രധാനകൃതിക.കവിയുടെ കാല് പാടുകൾ, എന്നെത്തിരയുന്ന ഞാൻ ,നിത്യകന്യകയെത്തേടി എന്നിവ പി.കുഞ്ഞിരാമൻ നായരുടെ ആത്മകഥാപരമായ രചനകളാണ്. 'താമരത്തോണി 'എന്ന കൃതിക്ക് 1968 ലെ കേന്ദ്ര സാഹിത്യ അക്കാദമി അവാർഡും 'കളിയച്ചൻ 'എന്ന കൃതിക്ക് 1959 ലെ കേരള സാഹിത്യ അക്കാദമി അവാർഡും ലഭിച്ചിട്ടുണ്ട്. 1978 – ല് നിര്യാതനായി.

ശ്വേത,ജിസ്മിൻ

ക്ലാസ്സ് 9

# പുഴ

കേരളത്തിൻ ഓമനത്തം
കായലുകൾത്തൻ ഓളത്തിമർത്തും
ഭൂമിതൻ രക്ഷകനും
എല്ലവരുടെയും ആശ്രയകനും

ജലത്തിൻ കണ്ണികളെ
വഹിച്ചു ഒഴുകുന്ന
പുഴകളുടെ ജീവിതം
അന്ത്യമില്ലാതെ ഒഴുകുന്നു

എന്നാൽ ഇന്ന്
പുഴയെവിടെ
പുഴയുടെ കുളിരെവിടെ
മറഞ്ഞുപോയി എന്നേക്കുമായി

മലിനമായി മുഴുവനും
ഈ ലോകത്തിലുള്ളവ
തന്നെ ഇല്ലാതാക്കി
ക്ഷമിക്കാൻ പറ്റില്ല പകരംവീട്ടി

ജലത്തെ തുറന്നുവിട്ടവൾ
നശിപ്പിച്ചു എല്ലാം
മനുഷ്യൻതൻ സമ്പത്ത്
ഇല്ലാതായി പകരം വീട്ടിയവൾ

അഡോണ മരിയ ജോമോൻ

**ക്ലാസ്സ് :6**

# പൂമ്പാറ്റ

പൂമ്പാറ്റേ വന്നാലും
തേൻ നുകരാൻ വന്നാലും
വർണ്ണചിറകുമായി രസിച്ച്
പൂന്തേൻ ഉണ്ണാൻ വന്നാലും

എന്തൊരുചന്തം പൂമ്പാറ്റേ
നിന്നെ കാണാൻ പൂമ്പാറ്റേ
പൂമ്പാറ്റേ വന്നാലും
എന്നുടെ മടിയിലിരിന്നാലും....

ജ്രുവാന മരിയ ജൊയ്സൺ
ക്ലാസ് :9

# പൂമ്പൊടികൾ

നീ ,പൂവ്
ഞാൻ ശലഭം
ആണാര് ?
പെണ്ണാര് ?

പൂവുകൾ
നിറം കൊണ്ടു മിണ്ടുന്നു
മണം കൈകൊണ്ടു തൊടുന്നു
തേൻ കൊണ്ടു രുചിക്കുന്നു-
വണ്ടിനെ.

ആകാശത്ത്
പറന്നു നടന്ന
ശലഭത്തെ
പൂവ് വിളിച്ചു
മണത്താൽ.

എത്ര ജന്മങ്ങളയ്
പൂമ്പൊടികൾ കൈമാറി
പൂവും വണ്ടും
പ്രണയം പകരുന്നു.

പൂവുകൾ
ശലഭങ്ങളുടെ
കൂടെപ്പോകുന്നു
ജന്മാന്തരങ്ങളിലേക്ക്.

പൂവ് മണം കൊണ്ടു
ചുംബിച്ചിട്ടും
കെട്ടിപുണർന്നിട്ടും
ശലഭം അനന്തതയിലേക്ക്
മറഞ്ഞു-
പൂമ്പൊടിയുമായ്.

തേനും പൂമ്പൊടിയും ചേർത്ത്
തേനീച്ച വീടുകെട്ടുന്ന
ചോരയും മാംസവും ചേർത്ത്
നീ ഗർഭപാത്രം ഉണ്ടാക്കുന്ന പോലെ

ആദിത്യ.പി.എ

**ക്ലാസ് :9**

# പ്രകൃതി ഭംഗി

സഞ്ചാരികളുടെ പറുദീസയായി അറിയപ്പെടുന്ന നമ്മുടെ കേരളത്തിന്റെ പ്രകൃതി ഭംഗി അവർണ്ണനീയമാണ്.ഭാർഗ്ഗവക്ഷേത്രമായി അറിയപ്പെടുന്ന ഈ നാടിന്റെ പ്രകൃതിരമണീയത അന്യനാട്ടുക്കാർക്കും ആകർഷണീയത ജനിപ്പിക്കുന്നതാണ്. കേരളത്തിലെ ഭൂപ്രകൃതിയും കാലാവസ്ഥയും എല്ലാം ആ പ്രകൃതിരമണീയതക്കുമാറ്റുക്കൂട്ടുന്നു.കേരവൃക്ഷങ്ങളുടെ നാടായ കേരളത്തിൽ മറ്റു വൃക്ഷലതാദികളും സുലഭമായി കാണപ്പെടുന്നു.ജലം വഹിച്ചുകൊണ്ടൊഴുകുന്ന പുഴകളും തോടുകളും വിശാലമായ കായലുകളും ജലസേചന പദ്ധതികളും എത്ര ഇമ്പമാർന്ന കാഴ്ചകളാണ്.ജലസമൃദ്ധിക്കൊണ്ട് ഇത്രയേറെ അനുഗ്രഹിക്കപ്പെട്ട നാടില്ലെ എന്നു തന്നെ പറയാം.മഴക്കാലത്തെ ഇന്ദ്രജലം കേരളത്തിലെ ജലാശയങ്ങളെല്ലാം ജീവനുറ്റതാക്കുന്നു.ഭാരതപ്പുഴ,പമ്പ തുടങ്ങിയ നദികൾ ചരിത്രപ്രാധാന്യമുള്ളവയാണ്.ഇടുക്കി,നെയ്യാർ,മലമ്പുഴ തുടങ്ങിയ ജലസംഭരണികൾ എക്കാലത്തും സന്ദർശകരുടെ പറുദീസ തന്നെ ആയിരുന്നു.തേക്ക് പോലുള്ള വിലയേറിയ വൃക്ഷങ്ങൾ കൊണ്ട് നിറഞ്ഞ വനങ്ങൾ നമ്മുക്ക് ധാരാളമായുണ്ട്. വയനാട്ടിലുള്ള നിശബ്ദ താഴ്വര അപൂർവ്വ സസ്യങ്ങളുടെയും അപൂർവ്വ ജന്തുക്കളുടെയും ഒരു കലവറ തന്നെയാണ്.നെയ്യാർഡാമിലും ചെറിയതോതിൽ മൃഗങ്ങളെ സംരക്ഷിച്ചു വളർത്തുന്നു.വർക്കലയിൽ ഉള്ള ശിവഗിരി,ശബരിമല തുടങ്ങിയ പുണ്യ സങ്കേതങ്ങൾ പ്രകൃതി രമണീയതകൊണ്ടും ആത്മീയശക്തി കൊണ്ടും അനുഗ്രഹീതങ്ങളാണ്.കളകളം ഒഴുകുന്ന അരുവികളും,പക്ഷികളും കൊണ്ട് അവിടെ ഒരു സ്വർഗ്ഗീയമായ അന്തരീക്ഷമാണ് ഉള്ളത്. ചുരുക്കി പറഞ്ഞാൽ ലക്ഷ്മിദേവിയുടെ അനുഗ്രഹം ഇത്രമേൽ ഉണ്ടായിട്ടുള്ള ഒരു നാടും നമ്മുക്ക് കാണാനാവില്ല.പച്ചയാം വിരിപ്പിട്ട സഹ്യനിൽ തല വച്ചും,സ്വച്ഛബ്ധി മണൽതിട്ടാം പാദോപദാനം പൂണ്ടും നിദ്ര ചെയ്യുന്ന കേരളം കവികൾക്കും കലാകാരൻമാർക്കും ആവിഷ്ക്കാര വിഷയമായിരുന്നു.വള്ളത്തോളും ചങ്ങമ്പുഴയും ഉള്ളൂരും കുമാരനാശാനും എല്ലാം കേരളത്തിന്റെ മഹിമ വാഴ്ത്തിപ്പാടിയവരാണ്.

ദേവിക സുനീഷ്

**ക്ലാസ് : 9**

# പ്രതീക്ഷ

പ്രതീക്ഷിച്ചതെല്ലാം നാം പ്രതീക്ഷിച്ചിരിക്കുമ്പോൾ
അതെല്ലാം ഇരുളിൽ മൂടുന്ന അവസരങ്ങളിൽ
കിട്ടുന്നില്ല എന്ന് ഓർത്തിരിക്കുന്ന നിമിഷങ്ങൾ
കിട്ടുയതെല്ലാം നാം ഓർക്കുക

പ്രതീക്ഷിച്ചതെല്ലാം എത്ര മനോഹരം
പ്രതീക്ഷയാണല്ലോ നമ്മുക്ക് എല്ലാം
പ്രതീക്ഷിച്ചതെല്ലാം കിട്ടിയ സന്തോഷം
പങ്കുവെയ്ക്കാൻ എന്ത് ഉത്സാഹമാം നമ്മുക്ക്

എല്ലാം നമ്മുക്ക് പ്രതീക്ഷയാണല്ലോ
പ്രതീക്ഷയിലാണല്ലോ നമ്മുടെ ജീവിതം
ഇനിയും നമ്മുക്ക് പലതും പ്രതീക്ഷിക്കാം
പ്രതീക്ഷയോടെ നമ്മുക്ക് മുന്നോട്ട് പോവാം

കിട്ടുന്നില്ല എന്ന് ഓർത്തിരിക്കുന്ന നിമിഷങ്ങൾ
കിട്ടിയതോർത്ത് നാം ദൈവത്തിന്
നന്ദി പറയാം......

റോജാ ,അലീന
ക്ലാസ് : 9

# മയിൽ

ഇന്ത്യയുടെ സംസ്കാരവും പാരമ്പര്യവും പ്രതിഫലിപ്പിക്കുന്ന ചാരുതയേറിയ മയിൽ എന്ന പക്ഷിയാണ് ഇന്ത്യയുടെ ദേശിയ പക്ഷി. മയിലിനെ ദേശിയ പക്ഷിയായി തിരഞ്ഞെടുക്കപ്പെടുന്നത് 1963 ലാണ്. മയിൽ രാജ്യത്തിന്റെ എല്ലാ ഭാഗത്തും കാണപ്പെടുന്ന ഒരു പക്ഷിയാണ്. എല്ലാം തികഞ്ഞ പക്ഷിയായ മയിൽ ഇന്ത്യൻ പ്രൗഡിയെ ഉയർത്തിപിടിക്കുന്നു.കൂടാതെ മറ്റൊരു രാജ്യവും മയിൽ ദേശിയ പക്ഷിയായിതിരഞ്ഞെടുത്തിട്ടില്ല.ഭൂമിയിലെ ഏറ്റവും മനോഹരമായ പക്ഷികളിൽ ഒന്നാണ് മയിൽ.പൊതുവെ മയിലുകൾ ഇന്ത്യയിലും ആഫ്രിക്കയിലുമാണ് കണ്ടുവരുന്നത്.ഇവയെ നീല മയിൽ എന്നും വിളിക്കാ റുണ്ട്.വിശാലമായ ശരീരവും നീളമുള്ള നേർത്ത കഴുത്തും ചെറിയ വായും,കണ്ണുകൾക്ക് ചുറ്റും വെളുത്ത പാടുകളും ഉണ്ട്.അവയുടെ പാദങ്ങൾ മൂർച്ചയുള്ളതും ,കൂർത്തതുമായ നഖങ്ങൾ ഉള്ളതുമാണ്. മയിലുകൾക്ക് വേഗത്തിൽഓടാൻ കഴിയും പക്ഷെ കനത്ത തൂവലുകൾ കാരണം കൂടുതൽ ഉയരത്തിൽ പറക്കാൻ കഴിയില്ല. ആളുകളെ കണ്ടാൽ ഓടി മറയുന്ന ഇവ പൊതുവേ ലജ്ജാശീലരാണ്. മയിലുകൾ മിശ്രഭോജികളാണ്. ധാന്യങ്ങൾ, പഴങ്ങൾ,ചെറിയ ജീവികൾ എന്നിവ ഭക്ഷിക്കുന്നു . മയിൽ പീലികൾ നിവർത്തി ആടാറുണ്ട് . വളരെ മനോഹരമായ കാഴ്ചയാണിത്.

മാളവിക രജീവ്

**ക്ലാസ് : 9**

# വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം

അറിവിന്റെ വാശാലമായ ലോകം നമ്മുക്ക് മുന്നിൽ തുറന്നിടുന്ന വാതിലാണ് വിദ്യാഭ്യാസം. അക്ഷരങ്ങളിലൂടെ അറിവിലേയ്ക്ക് കടക്കുവാൻ വിദ്യാഭ്യാസം നമ്മെ സഹായിക്കുന്നു. ഒരു സമൂഹത്തിന്റെ വികസനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഭാഗമാണ് വിദ്യാഭ്യാസം. ആളുകളെ ചിന്തിക്കാനും തിരുമാനങ്ങൾ എടുക്കാനും ഫലപ്രദമായ ആശയവിനിമയം നടത്താനുമൊക്കെ വിദ്യാഭ്യാസം നമ്മെ സഹായിക്കുന്നു. മാത്രമല്ല ഒരു നല്ല ജോലി നേടുന്നതിനും ജീവിതത്തിലെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനും ആവശ്യാമായ കഴിവുകളും അറിവും വികസിക്കുവാനും സഹായിക്കുന്നു.

ക്ഷമ, ബഹുമാനം പരസ്പരധാരണ എന്നിവയുടെ മൂല്യങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിൻ വിദ്യാഭ്യാസത്തിന് ഒരു പ്രധാന പങ്ക് എപ്പോഴും ഉണ്ട്. സമൂഹത്തിലെ വിവിധമേഖലകളിലുള്ള ജനങ്ങൾക്ക് അവരുടെ പ്രവർത്തമേഖലയെ പറ്റിയും പുത്തൻ സാധ്യതകളെപ്പറ്റിയും പഠിക്കാൻ വിദ്യാഭ്യാസം അവസരം ഒരുക്കുന്നു. ശാസ്ത്രത്തിലും സാങ്കേതിക വിദ്യാഭ്യാസത്തിലും ഉണ്ടാകുന്ന മാറ്റങ്ങൾ മനസ്സിലാക്കുകയും അതിനനുസരിച്ച പ്രവർത്തിക്കുകയും ചെയ്യുന്നു. ഓരോ കുട്ടിക്കും മുതിർന്നവർക്കും ഗുണമേന്മയുള്ള വിദ്യഭ്യാസം ലഭ്യമാണെന്നും ഉറപ്പാക്കാൻ സർക്കാരും സമൂഹവും ശ്രദ്ദിക്കേണ്ടതുണ്ട്. നെൽസൺ മണ്ടേലേയുടെ അഭിപ്രായത്തിൽ ലോകത്തെ മാറ്റാൻ ഉപയോഗിക്കുന്ന ഏറ്റവും ശക്തമായ ആയുധമാണ് വിദ്യാഭ്യാസം. ഒരു വ്യക്തിയുടെ വികസനത്തിൽ വിദ്യാഭ്യാസം ഒരു പ്രധാന പങ്കുവഹിക്കുന്നു.

ഒട്ടേറെ പട്ടിണിപ്പാവങ്ങൾ ഇന്നും നമ്മുടെ നാട്ടിൽ ബാക്കിയാണ്. വികസനം കാര്യമായി എത്തിചേർന്നിട്ടില്ലാത്ത നമ്മുടെ ഗ്രാമങ്ങളിൽ വികസനം എത്തിക്കുകയും എല്ലാവരുടെയും ജീവിതനിലവാരം ഉയർത്തുകയും ചെയ്യണമെങ്കിൽ അതു വിദ്യാഭ്യാസത്തിലൂടെ മാത്രമേ സാധിക്കുകയുള്ളൂ. നമ്മുടെ സമൂഹത്തോടും കുടുംബത്തോടും നമ്മുക്കുള്ള കടമകളെ അറിയാനും മനസ്സിലാക്കാനും ബഹുമാനിക്കാനുമുള്ള കഴിവുകളും സാങ്കേതികതകളും വിവരങ്ങളും അറിവും നൽകുന്ന മാദ്ധ്യമം കൂടിയാണ് വിദ്യാഭ്യാസം. അറിവു നേടാനും ജീവിതത്തിൽ ആത്മവിശ്വാസം വർദ്ധിപ്പിക്കാനും വിദ്യാഭ്യാസം ഒരു വ്യക്തിയെ സഹായിക്കുന്നു. ജീവിതത്തിൽ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം വളരെ വലുതാണ്. ജീവിതത്തിന്റെ അവസാനം വരെയും നമ്മൾ സ്വീകരിച്ച വിദ്യാ നമ്മുടെ കൂടെ തന്നെ കാണും.

ആര്യ സുരേഷ്
ക്ലാസ് :9

# വാടിയ മലരുകൾ

വെയ് ലെറ്റു വാടിയോ
നിൻ പദങ്ങൾ
കനലിൽ എരിഞ്ഞുവോ

നുള്ളി പഴിച്ചുവേ
നിൻ ഇതളുകൾ
ഉൾക്കാമ്പിൽ എവിടെയോ

തേങ്ങുന്ന മോഹങ്ങൾ
മായുന്ന നിൻ ആകാശം
വാടുന്ന നിൻ മലരുകൾ

ശ്രേയ .കെ.എസ്
IX


# വായനയുടെ പ്രാധാന്യം

വായനയെന്നാൽ അറിവിന്റെ അത്ഭുതമാണ്. വായിച്ചാൽ കിട്ടുന്ന അറിവിന്റെ മൂല്യം നാം ഓരോരുത്തരും അറിഞ്ഞിരിക്കേണ്ട ഒന്നാണ്. കേരളത്തിലാണ് വിദ്യാഭ്യാസവളർച്ച ഏറ്റവും കൂടുതലുള്ളത്. ഇതിന്റെ പ്രധാന കാരണം പുസ്ത്ങ്ങളാണ്. പുസ്തകം നൽകുന്ന അറിവിന്റെ വെളിച്ചം പറഞ്ഞറിയിയക്കാൻ കഴിയാത്തതാണ് . അറിവ് നേടുകയെന്നാൽ വിജയം നേടുകയെന്നാണ് ഉദ്ദേശം. നമ്മുടെ ജീവിതത്തിൽ നാം എത്ര വിജയം നേടുന്ന വോ അത്രയും ഉയർച്ച നമ്മളിൽ ഉണ്ടാകും. വായനയുടെ പ്രധാന്യം നാം കു ഞ്ഞില്ലെ തന്നെ അറിഞ്ഞിരിക്കേണ്ട ഒന്നാണ് വായിച്ചാലെ നമ്മുക്ക് അറിവുണ്ടാക്കാൻ കഴിയൂ.

വായനയുടെ മൂല്യം അറിയാൻ നാം ഏറെ പരിശ്രമിക്കണം അറിവിന്റെ കുമ്പാരമാണ് വായനശാല . ഒരു പ്രദേശത്ത് ഒരു വായനശാലയുണ്ടായാൽ മതി അവിടുത്തെ ജനങ്ങളിൽ പകുതിപേരും നന്നാവാൻ ഒരു നല്ല മനുഷ്യനു മാത്രമേ വായനയുടെ മൂല്യം അറിയുവാൻ സാധിക്കുകയുള്ളൂ ഒരു മനുഷ്യന്റെ സ്വഭാവം കണ്ടാൽ നമ്മുക്കറിയാം അദ്ദേഹത്തിന്റെ വായനാബോധം. നമ്മുടെ സമൂഹത്തിൽ ഒറ്റപ്പെട്ടുനിൽക്കുന്നവരെ നാം വായനയുടെ ലോകത്തിലെത്തിക്കുക. അവന് നല്ലൊരു സുഹൃത്തായി പുസ്തകം എന്നും കൂടെയുണ്ടാകും. പുസ്തകം വായിച്ചാൽ പഠനത്തിലും മികവ് കൂട്ടാൻ സാധിക്കും . ജൂൺ 19 ന് നാം വായനദിനം ആചരിക്കുന്നു . പി.എൻ പണിക്കരുടെ ഓർമ്മ പുതുക്കാൻ വേണ്ടിയാണ് ഈ ദിനം ആചരിക്കുന്നത് .

എവിടെയും അനീതിയും അതിക്രമവും നടക്കുന്ന പൊതുസമൂഹത്തിൽ അറിവിന്റെ വെളിച്ചം പകരാൻ നാം മുന്നിട്ടിറങ്ങേണ്ടതുണ്ട്. എന്നാൽ മാത്രമേ വായനയുടെ ലോകത്ത് അതിനു അതിന്റേതായ ഒരു സ്ഥാനമുണ്ട് എന്ന് മനസ്സിലാക്കണം വായനയുടെ മൂല്യം മനസ്സിലാക്കി കൊടുക്കാനും വായനയുടെ മാസ്മരികത തിരിച്ചറിയിക്കനും വേണ്ടി നമുക്ക് ഒന്നിച്ച് കൈകോർത്ത് സമൂഹത്തിലെക്കിറങ്ങാം .

ആര്യ സുരേഷ്
ക്ലാസ് :9



**ശുഭം**